ഉത്തരം

ആയൂർ-ഇത്തിക്കരറോഡ് 5/000 മുതൽ 15/000 വരെയുള്ള ഭാഗം 13,75,00,000 രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി 3-2-2015-ൽ ചീഫ് എഞ്ചിനീയർ സമർപ്പിച്ചിരുന്നു. എന്നാൽ 2014-15 സാമ്പത്തിക വർഷത്തിലെ ഫണ്ടിന്റെ അപര്യാപ്തത നിമിത്തം പ്രസ്തുത എസ്റ്റിമേറ്റിന് ഭരണാനുമതി നൽകാൻ കഴിഞ്ഞിട്ടില്ല.

വയനാട് ചുരം റോഡിന് സമാന്തരമായുള്ള ബൈപ്പാസ് നിർമ്മാണ പ്രവർത്തനങ്ങൾ

225 (3976) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ചുരം റോഡിന് സമാന്തരമായുള്ള ബൈപ്പാസ് നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് അവസ്ഥയിലാണ്;

(ബി) പ്രസ്തുത പദ്ധതി തുടർന്നുകൊണ്ടുപോകാൻ സാധിക്കും എന്ന് കരുതുന്നുണ്ടോ ; എങ്കിൽ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും.എന്നാണ് കരുതുന്നത്?

ഉത്തരം

(എ) 2012-13-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച വയനാട് ചുരം റോഡിന് സമാന്തര ബൈപ്പാസിന്റെ നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

(ബി) ഈ പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കായി 56.50 ലക്ഷം രൂപയുടെ ഭരണാനുമതിയും പ്രത്യേകാനുമതിയും 19-3-2013-ലെ സ.ഉ. (സാധാ) നമ്പർ 381/2013/പൊ.മ.വ. പ്രകാരം നൽകിയിട്ടുണ്ട്. കൂടാതെ, ഈ പ്രവൃത്തി സർക്കാരിന്റെ സ്പീഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പരിസ്ഥിതി ദുർബ്ബല പ്രദേശത്തിലൂടെയും, വനഭൂമിയിലൂടെയും പാത കടന്നുപോകുന്നതിനാൽ, ഈ റോഡിന്റെ സാധ്യതാപഠനവും, വനഭൂമിയുടെ ഏരിയൽ സർവ്വേയും നടത്തി, വിശദമായ പദ്ധതി റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. പദ്ധതി റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly